(5) വൻകിട വിള വിത്തുനിർമ്മാണ കമ്പനികൾ കൃഷിക്കാരെ ചൂഷണം ചെയ്യാനുള്ള സാഹചര്യം

ശ്രീ. സി. കെ. നാണു: ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും സ്വകാര്യ വൻകിട കമ്പനികൾ കാർഷിക മേഖലയ്ക്ക് വിത്ത് വിൽപന നടത്തിയപ്പോൾ അതിന്റെ ദോഷ വശങ്ങൾ മനസ്സിലാക്കി ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും വന്നിച്ച കർഷകരുടേതായ മുന്നേറ്റം ഈ കുത്തക കമ്പനികൾക്ക് എതിരായി ഉണ്ടായിട്ടുണ്ട്. പക്ഷെ ദൗർഭാഗ്യമെന്ന് പറയട്ടെ ഇപ്പോൾ ഇൻഡ്യൻ പാർലമെന്റിൽ 'വിത്തു നിയമം' ബഹുമാനപ്പെട്ട കേന്ദ്ര കൃഷിവകുപ്പു മന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ കൃഷിക്കാരന് വിത്ത് കൈവശം വയ്ക്കുന്നതിന് ബുദ്ധി മുട്ടുണ്ടാകുന്നു. അതുപോലെ നമ്മുടെ നാട്ടിലുള്ള ഹോർട്ടികൾച്ചർ നഴ്സറിയിൽക്കൂടി വാഴവിത്ത് വിൽക്കുന്നുണ്ടെങ്കിലും അതിന് ലൈസൻസ് വേണം. അവിടെ വിൽക്കുന്ന ഓരോന്നിനും പ്രത്യേകം പ്രത്യേകമായി അതിനുള്ള ലൈസൻസ് മാത്രംപോരാ അതിന്റെ ചരിത്രംകൂടി പറയേണ്ടിവരുന്നു. അതായത് മാവിന്റെ വിത്ത് വിൽക്കണമെങ്കിൽ അതിന്റെ ചരിത്രമെന്താണ്, അത് എവിടെനിന്ന് വന്നു എന്ന അതിന്റെ ഹിസ്റ്ററി വരെ പറയാൻ ബാധ്യതയുള്ള രൂപത്തിൽ വന്നിരിക്കുന്നു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നമ്മുടെ നാട്ടിൽത്തന്നെ കാർഷിക ഗവേഷണശാലകളിലൂടെ നല്ലയിനം വിത്തുകൾ വികസിപ്പിച്ചെടുക്കാൻ കഴിയുന്നുണ്ട്. അതിന്റെ ഫലമായി കാർഷിക മേഖലയിൽ പല പ്രശ്നങ്ങളും ഉണ്ടെങ്കിലും ഇവിടത്തെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കഴിഞ്ഞകാലത്ത് കൃഷിക്കാരന് സാമ്പത്തിക സഹായങ്ങളും മറ്റും കൊടുക്കാനും സാധിച്ചതിന്റെ ഫലമായി നമ്മുടെ ജനങ്ങളുടെ പർച്ചേസിംഗ് പവറിനനുസരിച്ച് ഭക്ഷ്യ ധാന്യങ്ങൾ ഇവിടെ ഉൽപാദിപ്പിക്കാൻ സാധിച്ചു. അതുപോലെ വർഷംതോറും നമുക്ക് ഭക്ഷ്യ ധാന്യങ്ങൾ സംഭരിച്ചുവയ്ക്കാനും സാധിക്കുന്നു. പ്രതിസന്ധികളുണ്ടാകുന്ന അവസരത്തിൽ അയൽ രാജ്യങ്ങളിൽ പട്ടിണികിടക്കുന്ന ആളുകളെ സഹായിക്കാനും മറ്റും ഇന്ത്യക്ക് സാധിച്ചതൊക്കെ നമ്മുടെ ഭക്ഷ്യോത്പാദനത്തിന്റെ ഫലമായിട്ടാണ്. കഴിഞ്ഞ 10 കൊല്ലമായി കുടിവെള്ളം വിറ്റ് ജനങ്ങളെ കൊള്ളയടിക്കുന്ന ആളുകൾ ഇന്ന് ഇന്ത്യാരാജ്യത്ത് വന്നിരിക്കുന്നത് വിത്തുമേഖലയിൽ വിത്തിന്റെ പേരിലുള്ള കൊള്ളയടി നടത്താൻ വേണ്ടിയാണ്. അതുകൊണ്ടാണ് കൃഷിക്കാരൻ വിത്ത് കൈവശം വച്ചാൽ കൃഷിക്കാരന് എതിരായി കേസ്, നേഴ്സറി തുടങ്ങുന്നവന് എതിരായി കേസ്, കൃഷിക്കാരൻ ഭയക്കുന്ന രൂപത്തിലുള്ള ഒരു അന്തരീക്ഷം ഉണ്ടാകാൻ പോവുകയാണ്. ഞാനിത് സ്വകാര്യമായി പറയുന്നതോ എനിക്ക് വേറെ ആൾ പറഞ്ഞുതന്നതോ അല്ല. ഹോർട്ടിക്കൾച്ചർ നേഴ്സറിയിലുള്ള ഓരോന്നിനും ചരിത്രംവരെ പറഞ്ഞുകൊടുക്കണം. നിങ്ങൾക്ക് ഒരു നഴ്സറി നടത്തണമെങ്കിൽ ആ നഴ്സറിക്ക് പെർമിഷൻ വേണം. അതുപോലെതന്നെ ഒരു കൃഷിക്കാരൻ വിത്ത് കൈവശം വയ്ക്കുകയാണെങ്കിൽ ആ കൃഷിക്കാരൻ വിത്ത് വിൽപ്പനയ്ക്കു വച്ചതാണെന്നുപറഞ്ഞുകൊണ്ട് കൃഷിക്കാരനെ അറസ്റ്റുചെയ്യാം, ജയിലിലടയ്ക്കാം, പിഴ വിധിക്കാം. കാർഷികമേഖലയിൽ സ്വതന്ത്രമായി കൃഷി ചെയ്യാനുള്ള ഇന്ത്യയിലെ കൃഷിക്കാരന്റെ സ്വാതന്ത്ര്യത്തെ തകർക്കുകയാണ്. കാർഷിക മേഖലയിൽ, ഗ്രാമീണ മേഖലയിൽ, സൗമ്യമായ അന്തരീക്ഷത്തിൽ കൃഷി ചെയ്തുവരുന്ന നമ്മുടെ കൃഷിക്കാരന്റെ നേർക്ക് ഇത്തരം ഭീഷണികൾ

LIBRARY ARCHIVES Kerala Legislative Assembly

എന്തിനുവേണ്ടിയാണ് ഗവൺമെന്റ് കൊണ്ടുവരുന്നത്? മറ്റു പല സംസ്ഥാനങ്ങളിലേയും ജനങ്ങൾ ഇതിനെതിരായി നിൽക്കുന്നു. ഏത് ഗവൺമെന്റ് വിചാരിച്ചാലും ഇത് നടപ്പിലാക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഇന്ത്യാരാജ്യത്തെ കൃഷിക്കാരൻ ഇത് അനുവദിക്കാൻ പോകുന്നില്ല. കൃഷിക്കാരൻ ഉല്പാദിപ്പിച്ച വിത്തുകൾ അടുത്ത പാടത്തുള്ള ഒരാൾക്ക് ഒരേക്കർ കൃഷിചെയ്യാൻവേണ്ടി കൊടുക്കാൻ സാധിക്കില്ല എന്നുപറഞ്ഞാൽ അത് ഏതു ഗവൺമെന്റ് കൊണ്ടുവന്ന നിയമമായാലും ഒരു കാരണവശാലും നമ്മുടെ നാട്ടിലെ കൃഷിക്കാരന് അനുവദിക്കാൻ സാധിക്കില്ല. ഒരു ജനാധിപത്യ രാജ്യമെന്നുള്ള നിലയിൽ ലോകത്ത് ഏതു രാജ്യത്ത് നല്ല വിത്ത് ഉല്പാദിപ്പിച്ചോ അതിവിടെ വന്നോട്ടെ, അതിനാവശ്യമായ പ്രചരണം ഇവിടെ നടത്തിക്കോട്ടെ, സ്വീകരിക്കാൻ സാധിക്കുന്ന കൃഷിക്കാരൻ അത് സ്വീകരിച്ചോട്ടെ. പക്ഷേ അതേയവസരത്തിൽ അവരുടെ വിത്തുകൾ മാത്രം മാർക്കറ്റിൽ ഇറങ്ങുന്ന വിധത്തിൽ ഇവിടെ നടക്കുന്ന ഗൂഢാലോചന, നമ്മുടെ നാട്ടിലെ ഏതെങ്കിലും പാവപ്പെട്ട കൃഷിക്കാരൻ കുറച്ച് വിത്ത് വില്പന നടത്തുന്നുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്ന നിയമം അനുവദിക്കാൻ പറ്റില്ല. ഒരു ഇന്ത്യൻ കച്ചവടക്കാരൻ സംഘടിതമായ രൂപത്തിൽ കുടിവെള്ളം ബോട്ടിൽ ചെയ്തുവിൽക്കുന്നത് നമുക്ക് കാണാൻ സാധിക്കില്ല, അതേസമയം ഇന്ത്യയിലെ വൻകിട കച്ചവടക്കാരാണ് കുടിവെള്ളം ബോട്ടിൽ ചെയ്തുവിൽക്കുന്നത്. അതുപോലെത്തന്നെ ഈ വിത്തിന്റെ കാര്യത്തിലും ഇന്ന് ഇന്ത്യൻ മാർക്കറ്റിൽ വന്നിരിക്കുന്നത് മോണസന്റോ, കാർകിൽ, കോണഗ്ര, സിബാഗിഗി, കോൾജിൻ, അഗ്രാസൈറ്റസ് തുടങ്ങിയ അന്തർദ്ദേശീയ കുത്തകകളാണ്. അവരുടെ കൈകളിലേക്ക് ഇടത്തരക്കാരും പാവപ്പെട്ടവരുമായ ഇന്ത്യൻ കൃഷിക്കാരെ എറിഞ്ഞുകൊടുക്കണമോ എന്നുള്ളതാണ് പ്രശ്നം. അപ്പോൾ ഈ വിത്തുബിൽ നിർബന്ധമായും ഗവൺമെന്റ് പിൻവലിക്കേണ്ടതാണ്. അത് കേരളത്തിലെ കൃഷിക്കാരന്റെ താല്പര്യത്തിന് വിരുദ്ധമാണ്. നമ്മുടെ നാട്ടിലെ കാർഷിക യൂണിവേഴ്സിറ്റികളും വിത്തുല്പാദന കേന്ദ്രങ്ങളുമൊക്കെ പരീക്ഷണം നടത്തി നല്ലയിനം വിത്തുകൾ നമ്മുടെ നാട്ടിൽ കൊണ്ടുവരും. അങ്ങനെ കാർഷിക മേഖലയെ സമ്പന്നമാക്കാൻ സാധിക്കുന്നത് തകർക്കാൻ ഈ ഗൂഢാലോചന നടത്തുന്നതിനെ നമ്മൾ തുറന്നുകാണിക്കേണ്ടതാണ്. അതുകൊണ്ട് ഈ വിത്തുബിൽ സംസ്ഥാനത്തിന്റെ താല്പര്യത്തിനെതിരാണ്, ഇത് പിൻവലിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ശക്തമായി ഇന്ത്യാ ഗവൺമെന്റിനോട് അഭ്യർത്ഥിക്കേണ്ടതാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ബഹുമാന്യനായ മെമ്പർ ഇത്ര രോഷാകുലനായി സംസാരിച്ചത് WTO-ന് എതിരായിട്ടാണെന്നാണ് എനിക്ക് തോന്നുന്നത്. അല്ലാതെ ഈ ബില്ലിനെതിരായിട്ടല്ല. വിത്തുകളുടെ ഉല്പാദനം, വില്പന, കയറ്റുമതി, ഇറക്കുമതി എന്നിവ നിയന്ത്രിച്ചുകൊണ്ട് കൃഷിക്കാർക്ക് ഗുണമേന്മയുള്ള മികച്ചയിനം വിത്തുകൾ ലഭ്യമാക്കുക, കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് 2004-ൽ വിത്തുബിൽ രാജ്യസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിനെ സംബന്ധിച്ച് നമ്മുടെ പത്രങ്ങളിലും എതിരഭിപ്രായങ്ങൾ വന്നിട്ടുണ്ട്. WTO agreement പ്രകാരം ഇന്നിപ്പോൾ വിത്ത് ഇറക്കുമതി ചെയ്യാം. അങ്ങനെ ഇറക്കുമതി ചെയ്യുമ്പോൾ നിയന്ത്രിക്കാതെ കൊടുക്കണമെന്നാണോ പറയുന്നത്? അത് നല്ല വിത്താണോ നമ്മുടെ ഭൂമിക്കുപറ്റിയതാണോ, രോഗംവരുന്നതാണോ എന്നെല്ലാം പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആ വിധത്തിൽ സംസാരിക്കരുത്. WTO പ്രകാരം ഇവിടെ വിത്ത് ഇറക്കുമതി ചെയ്യാം. അങ്ങനെ ഇറക്കുമതി ചെയ്യുന്ന വിത്തുകൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണം വേണം. അതുപോലെ നാം ഉല്പാദിപ്പിക്കുന്ന വിത്തിനങ്ങൾ കൃഷിക്കാരൻ ഉപയോഗിക്കുന്നതിനെ ഒരു സ്ഥലത്തും തടഞ്ഞിട്ടില്ല. 13-ാം വകുപ്പുപ്രകാരം അവർ വിൽക്കരുത് എന്നാണ് പറഞ്ഞിരിക്കുന്നത് വിൽക്കുന്നതിന് ചില നിബന്ധനകളുണ്ട്. എന്നാൽ 43-ാം വകുപ്പ് എടുത്തുനോക്കിയാൽ അതിൽ പറഞ്ഞിരിക്കുന്നത് ഇതാണ്. This clause cancels that nothing contained in the proposed legislation will restrict the right of a farmer to save, use, exchange share or sell his farm seeds planting material, however these exemptions shall not be applicable in case of sales of seeds under a brand name. Brand name ഉള്ളത് വിൽക്കുന്നതിനുള്ള തടസ്സം മാത്രമേയുള്ളൂ. അല്ലാതെ കൃഷിക്കാരൻ അവർക്കുള്ള വിത്ത് ഉപയോഗിക്കുന്നതോ അടുത്തുള്ള കൃഷിക്കാർക്ക് കൊടുക്കുന്നതോ Share ചെയ്യുന്നതോ ഒന്നും ഈ നിയമത്തിൽ തടസ്സപ്പെടുത്തിയിട്ടില്ല. ഏതായാലും ഈ നിയമം കൃഷിക്കാരന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ എന്ന് നോക്കാനും നമ്മുടെ അഭിപ്രായം കേന്ദ്രഗവൺമെന്റിനെ അറിയിക്കാനും അതിനെപ്പറ്റി പഠിക്കാൻ ഒരു സബ് കമ്മിറ്റിയുണ്ടാക്കിയിട്ടുണ്ട്. ആ സബ് കമ്മിറ്റിയുടെ റിപ്പോർട്ടുവന്നാൽ ഇതിൽ കൂടുതൽ ചർച്ച ആവശ്യമുണ്ടെങ്കിൽ ഇവിടെ ചർച്ചചെയ്യാൻ തയ്യാറാണ്. ഈ നിയമം വലിയ തകരാറുള്ള ഒരു നിയമമായി ഞങ്ങൾക്ക് തോന്നുന്നില്ല. ഈ നിയമത്തിലെ വകുപ്പുകൾ മുഴുവൻ കേട്ടയുടൻ തന്നെ WTO- ഉം ഇതും തമ്മിലുള്ള ബന്ധം വച്ചുകൊണ്ട് ബഹുരാഷ്ട്രകുത്തകകൾക്കുവേണ്ടി സഹായിക്കാൻ, കീഴടങ്ങാൻ വേണ്ടിയാണ് എന്നും പറയുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല.

<u>ശ്രീ. സി. കെ. നാണു:</u> ഞാൻ ഈ ബിൽ വച്ചാണ് പറഞ്ഞത്....(ബഹളം).....

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> ഞാനും ബില്ലുവായിച്ചുനോക്കി. എന്റെ അഭിപ്രായം പറഞ്ഞതാണ്. അദ്ദേഹം പറഞ്ഞ സ്ഥിതിക്ക് ഞാൻ പറയുകയാണ്, കാറ്റുവീഴ്ച തുടങ്ങിയിട്ട് അനേകം സംവത്സരങ്ങളായി. കാറ്റുവീഴ്ചയ്ക്ക് പ്രതിവിധിയായി പുതിയയിനം തൈകൾ വയ്ക്കണമെങ്കിൽ നല്ല തൈകൾ വയ്ക്കണം. അതിന് ശാസ്ത്രജ്ഞൻമാർ പുതിയ വിത്തു തേങ്ങ ഉപയോഗിക്കാൻ ലിസ്റ്റ് ഉണ്ടാക്കി. കാറ്റുവീഴ്ചയുള്ള തെങ്ങിന്റെ തേങ്ങതന്നെയെടുത്താണ് തൈകൾ ഇവിടെ ഉണ്ടാക്കിവിൽക്കുന്നത്. തൈകൾ ഉണ്ടാക്കുന്നത് ഔദ്യോഗികമായി ബാൻ ചെയ്തിട്ടില്ല. അതുകൊണ്ട് പുതിയ തൈവയ്ക്കുമ്പോൾ ഏതു തെങ്ങിനും രോഗം വരുന്നു. അപ്പോൾ ഏതായാലും നിയന്ത്രണം ആവശ്യമാണ്. നിയന്ത്രണം പരിധിവിട്ട് അപ്പുറത്തേക്ക് പോകുന്നോ എന്നുള്ളതാണ് പ്രശ്നം. ഇതു സംബന്ധിച്ച് നമുക്ക് ആലോചിക്കാം. നമ്മളാരും കൃഷിക്കാരന് എതിരല്ല, ഇവിടെയുള്ള ഉല്പാദന വർദ്ധനവിനും എതിരല്ല. ഉല്പാദനം കൂട്ടണം, അതിന് നല്ലയിനം വിത്തുകൾ കൊടുക്കണം. ആരുകൊടുത്താലും അത് നല്ലയിനം വിത്തുകളായിരിക്കണം

LIBRARY ARCHIVES Kerala Legislative Assembly

ഇത്രവലിയ പ്രക്ഷോഭത്തിന്റെയൊന്നും ആവശ്യമില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഏതായാലും നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ശ്രീ. സി. കെ. നാണുവുമായും സംസാരിക്കാം. ഞാനൊരു വിത്തു കച്ചവടക്കാരിയുമല്ല, അങ്ങനെ നിങ്ങൾ തർക്കിക്കണ്ട. കൃഷി അഭിവൃദ്ധിപ്പെടണം, നല്ലയിനം വിത്തുകൾ വേണം, അത് നിയന്ത്രിക്കുന്ന വിധത്തിലുള്ള നിയമമാണ്, ഇതിൽ വലിയ പാകപ്പിഴയില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഏതായാലും ഇതിനൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്, ആ കമ്മിറ്റി ബിൽ നോക്കുന്നുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എല്ലാ പാർട്ടിക്കാരുമായി ചർച്ച ചെയ്തതിനുശേഷം നമുക്ക് ആവശ്യമായ ഭേദഗതികൾ വരുത്താൻ കേന്ദ്രത്തിനോട് ആവശ്യപ്പെടാം. ബിൽ ഇപ്പോൾ രാജ്യസഭയിൽ അവതരിപ്പിച്ചിട്ടേയുള്ളൂ. രണ്ടുസഭകളും കൂടി ചർച്ച ചെയ്തിട്ടാണ് ഇത് പാസ്സാക്കുന്നത്. കൃഷി concurrent subject ആണ്. നമുക്കും അവകാശപ്പെട്ടതാണ്. ആ നിലയിൽ നമുക്ക് അതിനെപ്പറ്റി ചർച്ച ചെയ്യാമെന്നുമാത്രം പറയുകയാണ്.

(6) കോട്ടയം ജില്ലയിൽ വർദ്ധിച്ചു വരുന്ന കൊലപാതകവും ഗുണ്ടായിസവും'

ശ്രീ. സ്റ്റീഫൻ ജോർജ്: ഈ അടുത്ത കാലത്തായി കോട്ടയം ജില്ലയിൽ വർദ്ധിച്ചുവരുന്ന ഗുണ്ടായിസവും കൊലപാതകവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഫെബ്രുവരി മാസം 7-ാം തീയതി രാത്രി 11 മണിയോടുകൂടി എന്റെ നിയോജകമണ്ഡലമായ കടുത്തുരുത്തിയിൽ കാപ്പിരി അപ്പച്ചൻ എന്നറിയപ്പെടുന്ന ഒരു ഗുണ്ടാനേതാവിനെ മറ്റൊരു സംഘം വന്ന് വാഹനം ഇടിപ്പിച്ച് അവിടെനിന്നും ഓടിപ്പോയ അദ്ദേഹത്തെ പിന്നാലെ ചെന്ന് വെട്ടി കൊലപ്പെടുത്തുകയുണ്ടായി. കോട്ടയം ജില്ലയിലെ മാഫിയാ സംഘങ്ങൾ തമ്മിലുള്ള കൂടിപ്പകയാണ് ഇതിനു കാരണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 2004 സെപ്റ്റംബർ മാസം തലയോലപ്പറമ്പിലെ തലപ്പാറ എന്ന സ്ഥലത്ത് ഒരു യുവാവിന്റെ രണ്ടു കൈകളും വെട്ടിക്കളഞ്ഞ സംഭവവുമായി ബന്ധപ്പെട്ടാണ് ഈ കൊലപാതകം നടന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. കോട്ടയം ജില്ലയിൽ ഗുണ്ടായിസവും ബ്ലേഡ് മാഫിയകളുടെ അക്രമവും വർദ്ധിച്ചുവരികയാണ്. ഈ അടുത്ത നാളിൽ കോളിളക്കം സൃഷ്ടിച്ച, ഏറ്റുമാനൂരിനു സമീപം മാടപ്പാട്ട് ഉണ്ണി എന്നു വിളിക്കുന്ന പി. എം. പ്രവീണിന്റെ കൊലപാതകം വിവാദം സൃഷ്ടിച്ച സംഭവമാണ്. അധോലോകവുമായി ബന്ധപ്പെട്ട പോലീസുകാരുടെ കഥകൾ ഷാജി കൈലാസും ഐ. വി. ശശിയും മറ്റും അവതരിപ്പിക്കുന്ന ചിത്രങ്ങളിലാണ് സാധാരണ കാണുന്നത്. അതിനെയൊക്കെ നാണിപ്പിക്കുന്ന വിധത്തിൽ, വെല്ലുവിളിക്കുന്ന വിധത്തിലാണ് ഈ കൊലപാതകം നടന്നിട്ടുള്ളത്. സർവ്വീസിലുള്ള ഒരു ഡി.വൈ.എസ്.പി. തന്നെ ഒരു ചെറുപ്പക്കാരനെ മൃഗീയമായി കൊലപ്പെടുത്തിയ സംഭവം ഏറെ വിവാദം ഉണ്ടാക്കിയിരിക്കുകയാണ്, ഭീതി ജനിപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രവീണിന്റെ വീട് സന്ദർശിച്ചിരുന്നു. ആ പ്രദേശത്തുള്ള ആളുകളും പ്രവീണിന്റെ ബന്ധുക്കളുമെല്ലാം ഭയപ്പെട്ടിരിക്കുകയാണ്. എനിക്കു പറയാനുള്ളത് ഡി.വൈ.എസ്.പി. റാങ്കിലുള്ള, ഷാജിയെപ്പോലെ പ്രതികളായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly